'ഭരണഭാഷ- മാതൃഭാഷ'

പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 766 04.03.2020-ൽ മറുപടിയ്ക്ക്

പശ്ചിമ കൊച്ചിയിൽ വന്യജീവികളെ പിടിക്കുന്നതിനും കൈമാറുന്നതിനും നേരിടുന്ന ബുദ്ധിമുട്ടുകൾ

| ചോദ്യം<br>ശ്രീ.ജോൺ ഫെർണാണ്ടസ്: | | മറുപടി<br>അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | കോടനാട് ഫോറസ്റ്റ് പ്രൊട്ടക്ഷൻ ഓഫീസിന് കീഴിലായിരുന്ന പശ്ചിമ കൊച്ചിയിലെ ബി.ഒ.ടി. പാലം മുതൽ തെക്കോട്ട് പള്ളുരുത്തി, പെരുമ്പടപ്പ്, കുമ്പളങ്ങി, ചെല്ലാനം, ഇടക്കൊച്ചി തുടങ്ങിയ പ്രദേശങ്ങളെ കോട്ടയം ജില്ലയിലെ എരുമേലി ഫോറസ്റ്റ് റേഞ്ച് ഓഫീസിന് കീഴിലാക്കിയതിനാൽ വന്യജീവികളെ പിടിക്കുന്നതിനും കൈമാറുന്നതിനും നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപെട്ടിട്ടില്ല. പശ്ചിമ കൊച്ചിയിലെ ബി.ഒ.റ്റി പാലം മുതൽ തെക്കോട്ട് പള്ളുരുത്തി, പെരമ്പടപ്പ്, കുമ്പളങ്ങി, ചെല്ലാനം, ഇടക്കൊച്ചി, എന്നീ പ്രദേശങ്ങൾ കോടനാട് ഫോറസ്റ്റ് ഓഫീസിനു കീഴിലായിരുന്നില്ല. 31.07.1981 ലെ ജി.ഒ.(എം.എസ്) 197/81/വനം വന്യജീവി ഉത്തരവ് പ്രകാരം മലയാറ്റൂർ ഡിവിഷന്റെ അതിരുകൾ പുനർ നിർണ്ണയിച്ച കാലം മുതൽ തന്നെ പ്രസ്തുത പ്രദേശങ്ങൾ കോട്ടയം ഡിവിഷനു കീഴിലാണ് വരുന്നത്. ആകയാൽ, ടി പ്രദേശങ്ങളിലെ വന്യജീവികളുമായി ബന്ധപ്പെട്ട വിഷയങ്ങൾ പ്ലാച്ചേരി ഫോറസ്റ്റ് സ്റ്റേഷനും, എരുമേലി റെയിഞ്ചും, കോട്ടയം ഡിവിഷനുമാണ് നടപടികൾ സ്വീകരിക്കുന്നത്. ഓരോ വനം ഡിവിഷന്റെയും, റെയിഞ്ചിന്റെയും, ഫോറസ്റ്റ് സ്റ്റേഷന്റെയും അധികാരപരിധിയും, അതിരുകളും |

| | | | |
|---|---|---|---|
| | | | സർക്കാർ നോട്ടിഫൈ ചെയ്തിട്ടുള്ളതാണ്. അപ്രകാരമുള്ള അധികാര പരിധിക്കകത്തുണ്ടാകുന്ന വനം - വന്യജീവി സംബന്ധമായ എല്ലാ വിഷയങ്ങളിലും അനുയോജ്യമായ നടപടി എടുക്കേണ്ടത് ടി അധികാര പരിധിയിലുള്ള ഉദ്യോഗസ്ഥരാണ്. മാത്രവുമല്ല എല്ലാ വനം ഡിവിഷനുകളുടെയും അതിർത്തികൾ മറ്റ് വനം ഡിവിഷനുകളുമായോ, ജില്ലകളുമായോ അതിർത്തി പങ്കിടുന്നവയാണ്. ആയതിനാൽ, സർക്കാർ നോട്ടിഫൈ ചെയ്ത അതിരുകൾക്കുള്ളിലും അധികാരപരിധിക്കുള്ളിലും നടക്കുന്ന വനം-വന്യജീവി സംബന്ധമായ വിഷയങ്ങളിൽ അതാത് അധികാര പരിധിയിലുള്ളവർ മാത്രം നടപടികൾ സ്വീകരിച്ചെങ്കിൽ മാത്രമെ ആയതിന് നിയമ സാധുതയുള്ളൂ. ആയതുകൊണ്ട് ഈ വിഷയത്തിൽ അതിരുകളും, അധികാര പരിധികളും വ്യത്യാസം വരുത്തുന്ന നടപടികൾ സ്വീകരിക്കേണ്ടതായി കാണുന്നില്ല. |
| (ബി) | ഇതു സംബന്ധിച്ച് 6.1.2020-ന് വനം വകുപ്പ് മന്ത്രിക്ക് നൽകിയ കത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ? | (ബി) | 06.01.2020ന് ബഹു. ജോൺ ഫെർണാണ്ടസ് എം.എൽ.എ ബഹു.വനം വകുപ്പ് മന്ത്രിയ്ക്ക് നൽകിയ കത്ത് പരിശോധിക്കുകയുണ്ടായി. ചോദ്യം (എ) യുടെ മറുപടിയുടെ വെളിച്ചത്തിൽ ടി കത്തിലെ ആവശ്യങ്ങളിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതായി കാണുന്നില്ല. |

സെക്ഷൻ ഓഫീസർ